ഖുത്വ്ബ
9.12.2005
മൗറിഷ്യസ്

# പൂർവ്വികരെ മറക്കാതിരിക്കുക

**അ**ൽഹംദുലില്ലാഹ്. മൗറിഷ്യസിലെ എന്റെ ഈ ആദ്യത്തെ പര്യടനം അതിന്റെ സമാപനത്തിലേക്ക് കടക്കുകയാണ്. ഇൻശാഅല്ലാഹ് നാളെ ഇവിടെനിന്ന് യാത്ര തിരിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ചെറിയ ദ്വീപിലെ നിങ്ങൾ ആത്മാർത്ഥരും കൂറുള്ളവരുമായ ജമാഅത്താണ്. അല്ലാഹുതആല എപ്പോഴും നിങ്ങളുടെ ആത്മാർത്ഥതയും കൂറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഇവിടെത്തെ ആദ്യകാല അഹ്മദികളും നിങ്ങളുടെ പൂർവ്വികരുമായ അഹ്മദികൾ നിങ്ങളിൽനിന്ന് എന്താണോ പ്രതീക്ഷിച്ചിരുന്നത് അത് പൂർത്തിയാക്കുന്നവരായിത്തീരട്ടെ. നിങ്ങളുടെ പൂർവ്വികരായ മഹാത്മാക്കൾ അവരുടെ തലമുറയ്ക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകളുടെ അനന്തരാവകാശികളായി നിങ്ങൾത്തീരട്ടെ. അവർ അങ്ങേയറ്റം ദുഷ്കരമായ കാലഘട്ടത്തിൽ ഇവിടെ അഹ്മദിയ്യത്തിന്റെ ചെടി നടുകയും, അതിനെ മുളപ്പിക്കുകയും ചെയ്തു. എതിർപ്പുകളുണ്ടായിട്ടും അവരുടെ ഉറച്ച പാദങ്ങൾക്ക് ഇളക്കം തട്ടിയില്ല. അവർ എപ്പോഴും അല്ലാഹുവിന്റെ സന്നിധിയിൽ നമ്രശിരസ്കരായിരുന്നു. അവനിൽനിന്ന് ശക്തിയും സഹായവും തേടിക്കൊണ്ടിരുന്നു. അവർ ഇവിടെ ഭൗതിക സമ്പാദനത്തിനായിട്ടാണ് വന്നിരുന്നതെങ്കിലും ദുൻയാവിനെക്കാൾ ദീനിനെ സദാ മുന്തിച്ചു. ഇതാണ് നിങ്ങളുടെ പൂർവ്വികരായ ആദ്യകാല അഹ്മദികൾ നിങ്ങൾക്ക് നല്കിയിട്ടുള്ള പാഠവും മാതൃകയും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ദ്വീപിൽ അഹ്മദിയ്യത്ത് വന്നത് 1912-ൽ ഒന്നാം ഖിലാഫത്തിന്റെ കാലത്തായിരുന്നു. നൂറയ്യ സാഹിബ്, മാസ്റ്റർ മുഹമ്മദ് അസീം സുൽത്വാൻ ഗൗസ് സാഹിബ്, മിയാ ജി. റഹീം ബഖ് സാഹിബ്, മിയാ ജി.സുബ്ഹാൻ മുഹമ്മദ് റജബ് അലി സാഹിബ് തുടങ്ങിയവരാണ് ഇവിടെത്തെ ആദ്യകാല അഹ്മദികൾ. 1912 മുതൽ 1920 വരെയുള്ള കാലഘട്ടത്തിൽ അഹ്മദിയ്യായവരുടെ സുദീർഘമായ ഒരു പട്ടികയാണിത്. അവർക്ക് എതിർപ്പുകളേയും നേരിടേണ്ടിവന്നു. അവരിൽ ചിലരെ കൊല്ലാൻവരെ പദ്ധതി ആസൂത്രണം ചെയ്തിരുന്നു. എന്നാൽ, തങ്ങൾ മനസ്സിലാക്കിയ സത്യത്തിൽനിന്ന് അവർ തരിമ്പും പിന്നാക്കം പോയില്ല. അവരാണെങ്കിൽ ഇവിടെത്തെ ആദ്യമുബല്ലിഗ് വരുന്നതുവരെ ഹസ്റത്ത് മസീഹ് മൗഊദ്(അ)നിൽനിന്നോ ഖലീഫമാരിൽനിന്നോ ശിക്ഷണം നേടിയ ആരേയും കണ്ടിട്ടു പോലുമില്ലായിരുന്നു. എന്നിട്ടും അവർ ആത്മാർത്ഥതയും കൂറും പുലർത്തുന്നതിൽ ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. മസീഹ് മൗഊദ്(അ)ന്റെ എല്ലാ വാദങ്ങളിലും- അവർ അറിഞ്ഞിട്ടുള്ളതിലും അറിയാത്തതിലും- വിശ്വസിച്ചിരുന്നവരായിരുന്നു അവർ. തങ്ങളിൽനിന്നോ തങ്ങളുടെ മക്കളിൽ നിന്നോ തങ്ങൾ കരസ്ഥമാക്കിയ ഈമാൻ നഷ്ടപ്പെടാൻ പാടില്ലെന്ന് അവർ ചിന്തിച്ചിരുന്നു. ആദരണീയനായ എം.എ. സുൽത്വാൻ ഗൗഥ് സാഹിബ് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)യ്ക്ക് ജമാഅത്തിന്റെ അവസ്ഥകളെക്കുറിച്ചെഴുതുകയും മുബല്ലിഗിനെ അയക്കുവാൻ അപേക്ഷിക്കുകയും തന്റെ കൂറും ബന്ധവും പ്രകടിപ്പിക്കുകയും ചെയ്തു. അവസാനം അദ്ദേഹം എഴുതി: "പ്യാരേ ആഖാ! അങ്ങ് ഞങ്ങൾക്ക് വഴി കാണിച്ചുതന്നാലും. ഞങ്ങളുടെ മതത്തെക്കുറിച്ച് കൂടുതൽ പറഞ്ഞുതന്നാലും." ഹസ്റത്ത് മസീഹ് മൗഊദിനോട് അദ്ദേഹത്തിനുള്ള സ്നേഹം എത്രമാത്രമായിരുന്നുവെന്നുവെച്ചാൽ അവസാനം അദ്ദേഹം എഴുതി: "മസീഹ് മൗഊദിന്റെ ഏതെങ്കിലും ജീവിതചരിത്രം അയച്ചുതന്നാൽ അതെന്നോടു അങ്ങ് ചെയ്യുന്ന ഏറ്റവും വലിയ ഔദാര്യമായിരിക്കും."

ഇക്കൂട്ടർക്ക് കൂടുതൽ കാര്യങ്ങൾ പഠിക്കാൻ വളരെ താൽപര്യമുണ്ടായിരുന്നു. ആവർത്തിച്ചാവർത്തിച്ച് മുബല്ലിഗിനെ അയച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അവസാനം അവരുടെ ആഗ്രഹമനുസരിച്ച് 1915-ൽ ഹസ്റത്ത് സൂഫീ ഗുലാം മുഹ

മ്മദ് സാഹിബ് മൗറീഷ്യസിലെത്തി. എന്നാൽ, ബോട്ടിൽവെച്ചുതന്നെ അദ്ദേഹത്തെ എതിരാളികൾ തടഞ്ഞു. അദ്ദേഹത്തെ തിരിച്ചയക്കുന്നതിനായി മുസ്‌ലിംകൾ കഠിനമായി പരിശ്രമിച്ചു. അവസാനം രോശൻ അലി ബന്നൂസാഹിബിന്റെ മുപ്പതിനായിരം രൂപയുടെ ജാമ്യത്തിൽ അദ്ദേഹത്തിന് മൗറീഷ്യസിലെ ഈ മണ്ണിലിറങ്ങാൻ അനുവാദം കിട്ടി. ആദരണീയനായ സൂഫീ ഗുലാം മുഹമ്മദ് സാഹിബിന്റെ പരിശ്രമത്താൽ മാശാഅല്ലാഹ് ജമാഅത്ത് പതുക്കെ പതുക്കെ വളരാൻ തുടങ്ങി. രണ്ടാമത്തെ മുബല്ലിഗായി ഹസ്റത്ത് ഹാഫിസ് ഉബയ്ദുല്ലാഹ് സാഹിബാണ് ഇവിടെ വന്നത്. അവിടന്നും കഠിനാധ്വാനം ചെയ്ത് ജമാഅത്തിനെ മുന്നോട്ടുവളർത്തി. അദ്ദേഹം ഇവിടെവെച്ചുതന്നെയാണ് നിര്യാതനായത്. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച്, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഖുത്ബ ജുമുഅയിൽ പറഞ്ഞു:

മൗലവി ഉബയ്ദുല്ലാഹ് നമ്മുടെ രാജ്യത്തുനിന്നുള്ള ആളായിരുന്നു. ദീനിനുവേണ്ടി ജീവിതം വഖ്ഫ് ചെയ്യേണ്ടതും, പിന്നീട് ആ പ്രതിജ്ഞയെ പാലിക്കേണ്ടതും അദ്ദേഹം അറിഞ്ഞിരുന്നുവെന്ന് അദ്ദേഹം തന്റെ ജീവിതംകൊണ്ട് സ്ഥാപിച്ചുകാണിച്ചു. ശഹാദത്തിന്റെ ആദ്യാവസരം ഉബയ്ദുല്ലായ്ക്ക് കിട്ടി. (അതായത് ഇന്ത്യയിലെ ഒരു വ്യക്തിയുടെ ശഹാദത്ത് അഥവാ സാക്ഷ്യം) അദ്ദേഹത്തിന്റെ മരണത്തിൽ നമുക്ക് അഭിമാനമുണ്ട്. അതിനോടൊപ്പം വിഷമവുമുണ്ട്- നമ്മളിൽപെട്ട സാത്വികനും പരിശുദ്ധനും അല്ലാഹുവിന്റെ ദീനിനുവേണ്ടി സദാമുഴുകിയിരുന്നതുമായ ഒരു വ്യക്തി പിരിഞ്ഞുപോയിരിക്കുന്നു.

പിന്നീട് ഹസ്റത്ത് സൂഫി ഗുലാം മുഹമ്മദ് സാഹിബ് തിരിച്ചുവന്നപ്പോൾ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഹസ്റത്ത് ഹാഫിസ് ജമാൽ അഹ്മദ് സാഹിബിനെ ഇവിടേക്ക് അയച്ചു. 1928 ജൂലായ് 29-ന് അദ്ദേഹം ഇവിടെ എത്തി. ഹസ്റത്ത് ഹാഫിസ് ജമാൽ അഹ്മദ് സാഹിബ്, യാത്ര പുറപ്പെടുംമുമ്പേ, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യോടു, തന്റെ കുട്ടികളും കൂടെവരാൻ അനുവദിക്കണമെന്ന് പറഞ്ഞു. ഹസ്റത്ത് ഖലീഫത്തുൽ സാനി, ജീവിതം മുഴുവൻ അവിടെ കഴിക്കേണ്ടിവരും എന്ന നിബന്ധനയോടെ അദ്ദേഹത്തിന് അനുവാദം നല്കി. ഒരിക്കലും മടങ്ങിവരാൻ അനുവാദം ഉണ്ടായിരിക്കുകയില്ലെന്ന് പറഞ്ഞു. കുട്ടികൾ പ്രായപൂർത്തിയെത്തിയപ്പോൾ, അവരുടെ വിവാഹം നടത്തുന്നതിനായി തിരിച്ചുവരാൻ അനുവദിക്കണമെന്ന് പറഞ്ഞ് ഹുസൂറിന് അദ്ദേഹം കത്തെഴുതി. ഹുസൂർ പറഞ്ഞു: അതു പറ്റില്ല. നിങ്ങൾ ചെയ്ത വാഗ്ദാനമനുസരിച്ച് അവിടെതന്നെ താമസിക്കുക. അദ്ദേഹത്തെ തിരിച്ചുവിളിക്കാൻ പറ്റിയ സാമ്പത്തികനില അന്ന് ജമാഅത്തിനുണ്ടായിരുന്നില്ല. ഹസ്റത്ത് ഹാഫിസ് ജമാൽ അഹ്മദ് സാഹിബും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ പ്രബോധന കടമ നല്ലവണ്ണം നിറവേറ്റി. മുസ്‌ലിംകളിലും അമുസ്‌ലിംകളിലും അവിടന്ന് തബ്‌ലീഗ് ചെയ്തു. ഹസ്റത്ത് ഹാഫിസ് ജമാഅൽ അഹ്മദ് സാഹിബിനെ നിങ്ങൾക്കറിയാം, അദ്ദേഹം ഇവിടെയാണ് ഖബറടങ്ങിയിരിക്കുന്നത്. അദ്ദേഹത്തിന്റെ മക്കളും ഇവിടെയുണ്ട്. ഹസ്റത്ത് ഹാഫിസ് ജമാൽ അഹ്മദ് സാഹിബ് വഫാത്തായപ്പോൾ, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ജുമുഅ ഖുത്ബയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളേയും സേവനങ്ങളേയും ത്യാഗങ്ങളേയും കുറിച്ചു പറഞ്ഞു. അവിടന്ന് പറഞ്ഞു, ***ഉലുൽ അസമും*** പരിശുദ്ധനുമായ വ്യക്തിയടങ്ങിയിരിക്കുന്ന ആ മണ്ണ് അനുഗൃഹീതമാണ്."

പഴയകാല അഹ്മദികളിൽ ചിലരെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ആദ്യകാല മുബല്ലിഗുമാരെക്കുറിച്ച് ഞാൻ പറഞ്ഞത്, ജമാഅത്തിലെ ആരംഭകാലത്തെ മഹാത്മാക്കളും മുബല്ലിഗുമാരും ഈ രാജ്യത്ത് അഹ്മദിയ്യത്ത് പ്രചരിപ്പിക്കുന്നതിനും അവരുടെ ഉള്ളിൽ അഹ്മദിയ്യത്തിനെ നിലനിറുത്തുന്നതിനും എന്തെല്ലാം പ്രവൃത്തിച്ചിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കാനാണ്. ഇതിൽനിന്ന് പൂർണ്ണമായ ചിത്രം നിങ്ങളുടെ മുമ്പിൽ വരികയില്ലെങ്കിലും കുറച്ചൊക്കെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. അവരുടെ ചരിത്രം പഠിക്കാതെ അവരുടെ ത്യാഗത്തെക്കുറിച്ച് മനസ്സിലാക്കാൻ നിങ്ങൾക്ക് സാധ്യമല്ല.

എന്തായാലും ത്യാഗത്തിന്റെ ഉന്നതമായ മാതൃകയാണ് അവർ ലോകത്ത് സ്ഥാപിച്ചത്. നിങ്ങളോടു ഞാനിത് പറയുന്നത് അവരുടെ ത്യാഗങ്ങളെ നിങ്ങൾ മറക്കാതിരിക്കാനാണ്. നമ്മുടെ മുബല്ലിഗുമാരെ, അംഗീകാരാർഹമായ ത്യാഗങ്ങൾ ചെയ്ത അഹ്മദീ മുബല്ലിഗുമാരേയും മഹാത്മാക്കളേയും മറക്കരുത്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ പഠിക്കാൻ ആ മഹാത്മാക്കൾ പരിശ്രമിച്ചതുപോലെ, അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുകയും മുന്നോട്ടു പ്രചരിപ്പിക്കുകയും ചെയ്തതു

പോലെ നിങ്ങളും പ്രവർത്തിക്കുക. നിങ്ങളുടെ പൂർവ്വികർ അഹ്മദിയ്യത്ത് സ്വീകരിച്ചത്, നബി (സ) തിരുമേനിയുടെ കല്പന കേട്ടുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചതുകൊണ്ടാണ്. നിങ്ങൾ ഇഷ്ടപ്പെടുന്നത് നിങ്ങളുടെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടുക എന്ന നബി(സ)യുടെ നിർദ്ദേശമനുസരിച്ചാണ് അവർ പ്രവർത്തിച്ചത്. ഇപ്പോൾ, ഇക്കാര്യം മനസ്സിലാക്കേണ്ടത് നിങ്ങൾക്കും നിർബന്ധമായിത്തീർന്നിരിക്കുന്നു. അഹ്മദിയ്യത്തിന്റെ അനുഗ്രഹത്തിന്റെ അനന്തരാവകാശികളായതിനുശേഷം, സ്വന്തം ഉള്ളിൽ പരിശുദ്ധമായ പരിവർത്തനം വരുത്തുന്നതിനുള്ള ശ്രമം നടത്തുന്നതിനോടൊപ്പം സ്വന്തം മക്കളുടെ മനസ്സിലും അഹ്മദിയ്യത്തിന്റെ അദ്ധ്യാപനങ്ങൾ വേരുറപ്പിക്കാൻ ശ്രമിച്ചുകൊണ്ടേപോകുക. അതിനോടൊപ്പം ഈ മനോഹരമായ അദ്ധ്യാപനങ്ങൾ മറ്റുള്ളവർക്കും എത്തിച്ചുകൊടുക്കുക. നിങ്ങളുടെ എല്ലാ കർമ്മങ്ങളും അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതനുസരിച്ച് ചെയ്യാൻ ശ്രമിക്കുമ്പോഴും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുമ്പോഴുമാണ് നിങ്ങൾക്ക് ഇങ്ങനെ പ്രവർത്തിക്കാൻ സാധിക്കുന്നത്. ഞാൻ നിന്റെ തബ്ലീഗിനെ ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കുമെന്ന് അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്തിട്ടുള്ള വാഗ്ദാനം ഓർമ്മിക്കുക. 1907–ൽ, അതായത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തുതന്നെ ആ സന്ദേശം ഈ ദ്വീപിലെത്തിയിരുന്നു. ഇത് ഭൂമിയുടെ അറ്റമെന്നും പറയപ്പെടുന്നു. ഒരു മുബല്ലിഗിന്റെയും പ്രേരണയില്ലാതെ അല്ലാഹു ഇവിടത്തെ ആളുകളുടെ മനസ്സുകളെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ലേക്ക് തിരിച്ചു. ഇപ്പോൾ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് സന്ദേശമെത്തിക്കാനുള്ള മാർഗ്ഗങ്ങളും നല്കിയിരിക്കുന്നു. ഇതുമുഖേന 24 മണിക്കൂറും അവിടത്തെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കൊണ്ടിരിക്കുന്നു. ഇത് അല്ലാഹുവിന്റെ അചഞ്ചലമായ വിധിയാണ്. ഇത് ഇൻശാഅല്ലാഹുതആല പൂർത്തിയാകുകതന്നെ ചെയ്യും. അതായത്, ഹസ്റത്ത് മസീഹ് മൗഊദ്(അ) നെ അല്ലാഹു ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കുകയും മനസ്സുകളെ അവിടത്തേക്ക് തിരിക്കുകയും ചെയ്യും. ഇന്ന് എതിരാളികൾ നിങ്ങൾക്കെതിരിൽ മുദ്രാവാക്യം മുഴക്കുന്നതുപോലെ, ആ ആരംഭകാലത്തും അവർ മുദ്രാവാക്യങ്ങൾ മുഴക്കിയിരുന്നു. അന്ന് അഹ്മദികളുടെ എണ്ണം അംഗുലീപരിമിതമായിരുന്നു. ഞാൻ പറഞ്ഞതുപോലെ അവർക്കെതിരിൽ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. പക്ഷേ, അല്ലാഹു ആത്മാർത്ഥരായ അവരുടെ വിലാപങ്ങളും പ്രാർത്ഥനയും കേൾക്കുകയും, എല്ലാ ഉപദ്രവങ്ങളിൽനിന്നും അഹ്മദിയ്യത്തിനെ സുരക്ഷിതമാക്കിവയ്ക്കുകയും ചെയ്തു. ആരംഭകാലത്തെ അഹ്മദികളിൽ ചിലരെക്കുറിച്ച് ഞാൻ പറഞ്ഞു. മറ്റു ചിലരെക്കുറിച്ചുകൂടി ഞാൻ പറയാം.

അതായത്, അബ്ബാസ് കാലൂസാഹിബ്, ഹാജി സൽമാൻ അച്ഛാസാഹിബ്, ലത്തീഫ് ബഖ് സാഹിബ്, മൗലാ ബഖ്യൂനു സാഹിബ്, സൂഖിയാ സാഹിബ് തുടങ്ങിയവർ. ഇപ്രകാരംതന്നെ സുധൽകുടുംബത്തിലേയും ജവാഹീർ കുടുംബത്തിലേയും മഹ്റാബ് കുടുംബത്തിലേയും നൂപെ കുടുംബത്തിലേയും ദർശാഹി കുടുംബത്തിലേയും ബുധൻ കുടുംബത്തിലേയും മഹാത്മാക്കളും അബ്ദുർ റഹ്മാൻ സാഹിബ് സൽമാൻ തേജു സാഹിബുമെല്ലാം ആരംഭകാലത്തെ അഹ്മദികളിൽപെട്ടവരാണ്. ഇവരുടെ പേരുകൾ ഞാൻ പറഞ്ഞത് ഇവരുടെ കുടുംബാംഗങ്ങൾക്ക് അവരുമായി വ്യക്തിഗതമായ ബന്ധമുള്ള കാരണത്താൽ നമ്മുടെ പൂർവ്വികരായ ആളുകൾ അഹ്മദിയ്യത്ത് സ്വീകരിക്കുകയും, അതിൽ നിലകൊള്ളുകയും ചെയ്തു എന്ന ബോധമുണ്ടാകാനാണ്. ഇവർ എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ നമ്രശിരസ്കരായിരുന്നു. തങ്ങളുടെ ആത്മാർത്ഥതയും കൂറും വളർത്തിക്കൊണ്ടിരുന്നവരായിരുന്നു. തങ്ങളുടെ മക്കളിലും അത് വേരുപിടിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് അവരുടെ കാലടിപാടുകളെ പിന്തുടർന്ന് നിങ്ങളും ആ കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുക. ദുനിയാവിന്റെ കണ്ണഞ്ചിപ്പിക്കുന്ന വസ്തുക്കളുടെ പിന്നാലെ ഓടിക്കൊണ്ട് ഈ സുപ്രധാനമായ ജോലി മറക്കാൻ പാടില്ല. നിങ്ങളിലുള്ള ഈ ആവേശത്തിന്റേയും കൂറിന്റേയും ബന്ധം താൽക്കാലികമാകാൻ പാടില്ല.

നിങ്ങൾ നിങ്ങളുടെ മനസ്സിലും നിങ്ങളുടെ മക്കളുടെ മനസ്സിലും ഈ ആത്മാർത്ഥതയുടേയും കൂറിന്റേയും ബന്ധം നിലനിറുത്തിയാൽ, ഇൻശാ അല്ലാഹ് നിങ്ങളുടെ അഭിവൃദ്ധിയുടെ ചുവടുകൾ നിങ്ങൾ കണ്ടുകൊണ്ടിരിക്കുകയും വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് ജീവിക്കാനും നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് പ്രവൃത്തിക്കാനും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാ

പനങ്ങളെ പരിപൂർണ്ണമായ നിലയിൽ സ്വായത്തമാക്കാനും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്. എത്തരത്തിലുള്ള മാറ്റമാണ് അവിടന്ന് നമ്മളിലുണ്ടാക്കാനാഗ്രഹിക്കുന്നത്. അവിടന്ന് പറയുന്നു:

"ആകയാൽ, എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി സ്വയം കണക്കാക്കുന്ന അല്ലയോ ജനസാകല്യമേ! ഭയഭക്തിയുടെ വഴിയിൽ ചരിക്കുമ്പോൾ മാത്രമെ സത്യമായും എന്റെ ജമാഅത്തിൽപെട്ടവരായി ദൈവസന്നിധിയിൽ നിങ്ങൾ എണ്ണപ്പെടുകയുള്ളു. നിങ്ങളുടെ അഞ്ചുനേര നിസ്കാരം നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ഭയത്തോടും ഭക്തിയോടും ആദരവോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പ് അല്ലാഹുവിനുവേണ്ടി സത്യസന്ധതയോടെ പൂർത്തിയാക്കുക. സക്കാത്ത് നല്കാൻ അർഹനായിട്ടുള്ള ഓരോ ആളും സക്കാത്ത് നല്കട്ടെ; ആർക്ക് ഹജ്ജ് നിർബന്ധമാണോ, തടസ്സങ്ങളൊന്നുമില്ലെങ്കിൽ അവൻ ഹജ്ജ് ചെയ്യട്ടെ. നന്മകൾ ശരിയായരൂപത്തിൽ അനുഷ്ഠിക്കുകയും തിന്മകളെ അറപ്പോടെ വിട്ടൊഴിയുകയും ചെയ്യുവിൻ."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പാഠമനുസരിച്ച്, ഓരോ അഹ്മദിയും അല്ലാഹുവുമായി ജീവസുറ്റ ബന്ധം സ്ഥാപിക്കണ്ടതാണ്. അല്ലാഹുവിലേക്കും നിസ്കാരത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ആരാധനാകർമ്മങ്ങൾ വെറും ചടങ്ങ് എന്ന നിലയിലല്ലാതെ, ഹൃദയത്തിൽ ദൈവഭയമുണ്ടാകുംവിധം അനുഷ്ഠിക്കുക. തിന്മയെ അറപ്പോടെ വിട്ടൊഴിയാൻ അവിടന്ന് പറഞ്ഞു. ആ തിന്മകൾ എന്താണ്? ബാഹ്യത്തിൽ നോക്കിയാൽ അവർ ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവരായിരിക്കും. പക്ഷേ, ചില തിന്മകളിൽ അവർ അകപ്പെട്ടിരിക്കും. അവരുടെ ആരാധനാകർമ്മങ്ങൾ അവർക്ക് ഒരു ഫലവും ചെയ്യുന്നുണ്ടാകുകയില്ല. അല്ലാഹുവിന്റെ അടിയാറുകളോടുള്ള കടമ നിറവേറ്റുന്നില്ലെങ്കിൽ, അത്തരം ആളുകളുടെ ആരാധനാകർമ്മങ്ങൾ മറ്റുള്ളവരിൽ നല്ല സ്വാധീനം ഉണ്ടാക്കുന്നതിനു പകരം ദുസ്സ്വാധീനമായിരിക്കും ഉണ്ടാക്കുക. അവർക്കുതന്നെയും അത് പ്രയോജനപ്പെടുകയില്ല. എന്നല്ല അത് ബലഹീനരായ വിശ്വാസിയേയും പാകമാകാത്ത മനസ്സിനേയും മതത്തിൽ നിന്ന് അകറ്റിക്കൊണ്ടുപോകുന്നതാണ്. അതുകൊണ്ട് കടമകൾ രണ്ടുവിധത്തിലുണ്ടെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) മിക്കപ്പോഴും പറയുമായിരുന്നു. ഒന്ന് ***ഹുഖൂഖുല്ലാഹ്***. രണ്ടാമത്തേത് ***ഹുഖൂഖുൽ ഇബാദ്***. നിങ്ങൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിനോടൊപ്പം സൃഷ്ടികളോടുള്ള കടമ നിറവേറ്റേണ്ടതും നിർബന്ധമാണ്. സൃഷ്ടികളോടുള്ള കടമയിൽ, പരസ്പരമുള്ള സ്നേഹവും സാഹോദര്യബന്ധവും ഉണ്ടാക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. ഇതാണ് അടിസ്ഥാനപരമായ കാര്യം. ഇതുമുഖേനയാണ് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനോടുള്ള കടമ നിറവേറ്റുന്നത്. അതുകൊണ്ട് ഈ അടിസ്ഥാനപരമായ കാര്യത്തെ മുറുകെപിടിക്കുക. ജമാഅത്തിൽ ഐക്യശക്തി ഉണ്ടാക്കുന്നതിനായി, എല്ലാവിധ വെറുപ്പുകളേയും അകറ്റിക്കൊണ്ട് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുക. പരസ്പരം മാപ്പുകൊടുക്കേണ്ടത് പഠിക്കുക. ഇതുമുഖേന അല്ലാഹുവുമായിട്ടുള്ള ബന്ധം കൂടുതൽ ശക്തിയാർജ്ജിക്കും. കൂടുതൽ നന്മകൾ സ്വായത്തമാക്കാനും തിന്മകൾ ഉപേക്ഷിക്കാനും തൗഫീഖ് ലഭിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിന്റെ തഖ്‌വയെ ഒരുപാട് ഉയർന്ന നിലയിൽ കാണാനാണ് ആഗ്രഹിക്കുന്നത്. ഈ നിലകൾ കരസ്ഥമാക്കാൻ നിങ്ങൾ ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുന്നതിനോടൊപ്പം പരസ്പരം സ്നേഹം വളർത്താനും, ഒരു ജീവനായിത്തീരാനും ശ്രദ്ധിക്കേണ്ടതാണ്.

ഇവിടെ കഠിനമായ എതിർപ്പുകളുണ്ട്. എതിരാളികൾ ആഗ്രഹിക്കുന്നത് നിങ്ങളെ ഭയപ്പെടുത്തിയോ, ഭിന്നിപ്പിച്ചോ നിങ്ങളെ ബലഹീനരാക്കുക എന്നതാണ്. അതുകൊണ്ട് നിങ്ങളിലെ ചെറിയ ചെറിയ വെറുപ്പും വൈരാഗ്യവും മറന്നുകൊണ്ട്, പരസ്പരം സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും ബന്ധം സ്ഥാപിക്കുക- ജമാഅത്തിന്റെ അഭിവൃദ്ധിയ്ക്ക് കരുത്തുപകരുന്നവരായിത്തീരാൻ. ***വലാ തനാസഊ ഫതഫ്ശലൂ വ തദ്ഹബ റീഹുക്കും വസ്ബിറൂ*** എന്ന വിശുദ്ധഖുർആന്റെ കല്പനയെ എപ്പോഴും മുന്തിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. നിങ്ങൾ ക്ഷമയോടുകൂടി പ്രവർത്തിക്കുക. (*8:47*)

ഓരോ അഹ്മദിയും പരസ്പരമുള്ള വഴക്കും വക്കാണവും ഭിന്നതയും അവസാനിപ്പിക്കേണ്ടതാണ്.

അല്ലാഹുവിന്റെ കല്പനയനുസരിച്ച് ക്ഷമയോടെ പ്രവർത്തിക്കുക. അന്യരുമായിട്ടുള്ള പോരാട്ടത്തിൽ നാം ക്ഷമ കൈക്കൊള്ളാറുണ്ട്. ചീത്തകേട്ട് മിക്കപ്പോഴും മൗനംപാലിക്കുന്നു. എന്നാൽ, ചെറിയ ചെറിയ കാരണങ്ങളാൽ പരസ്പരം മാസങ്ങളോളം വർഷങ്ങളോളം വെറുപ്പുംകൊണ്ടുനടക്കുന്നു. വാസ്തവത്തിൽ നമ്മോട് കല്പിക്കപ്പെട്ടിരിക്കുന്നത് പരസ്പരം കൂടുതൽ സ്നേഹത്തോടും സന്തോഷത്തോടുംകൂടി ജീവിക്കാനാണ്. നിങ്ങളുടെ പൂർവ്വികരായ മഹാത്മാക്കൾ വാർത്തെടുത്ത ആ അന്തസ്സ്, എതിർപ്പുണ്ടായിട്ടും ജമാഅത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാൻ അവർ പരിശ്രമിച്ചു. പിന്നീട് അല്ലാഹു അവരുടെ ഈ സദുദ്ദേശ്യവും ജമാഅത്തിനുവേണ്ടി അവർ ചെയ്ത ത്യാഗങ്ങളും സ്വീകരിക്കുകയും ചെയ്തു. ഇന്ന് അവരുടെ പേരുകൾ ജമാഅത്തിന്റെ ചിരിത്രത്തിന്റെ ഭാഗമാണ്. നിങ്ങളും ഓർമ്മിച്ചുകൊള്ളുക. ജമാഅത്തിനും അല്ലാഹുവിനും വേണ്ടി നിങ്ങൾ പരസ്പരമുള്ള തെറ്റുകൾ പൊറുത്തുകൊടുക്കാൻ ശ്രമിക്കുകയാണെങ്കിൽ, നിങ്ങൾ ജമാഅത്തിന്റെ അന്തസ്സിനെ നിലനിറുത്തുന്നതിനോടൊപ്പം അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്ന കാരണത്താൽ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുകയുമായിരിക്കും ചെയ്യുന്നത്. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നവൻ അവന്റെ അനുഗ്രഹങ്ങളുടെ അവകാശിയായിത്തീരുകതന്നെ ചെയ്യും. അയാളുടെ മക്കളും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരായിരിക്കും. അയാളുടെ എതിരാളികളിൽ അയാളെ സംബന്ധിച്ച് ആദരയുക്തമായ ഭയമുണ്ടാകുന്നതാണ്. അയാളുടെ ഉന്നതമായ ജീവിതമാതൃക മറ്റുള്ളവരെ ആകർഷിക്കുന്നതായിരിക്കും.

അതുകൊണ്ട് ദഅ്വത്തെ ഇലല്ലായ്ക്ക്- അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന് പരസ്പരമുള്ള ഭിന്നതകൾ അകറ്റേണ്ടത് നിർബന്ധമാണ്. പരസ്പരമുള്ള കടമകൾ നിറവേറ്റുക എന്ന ചിന്തയുണ്ടാവണം. ഇത് നിങ്ങളിൽ ശക്തിയുണ്ടാക്കുന്നതാണ്. തബ്ലീഗ് രംഗത്തും നിങ്ങളെ മുന്നോട്ടുനയിക്കുന്നതായിരിക്കും. നിങ്ങളുടെ പൂർവ്വികർ എത്രമാത്രം ചിന്തയോടുകൂടിയാണ് ഇക്കാര്യങ്ങൾ സ്വായത്തമാക്കിയത്. ഇവിടത്തെ ചരിത്രം പഠിക്കുമ്പോൾ മനസ്സിലാകുന്നത് അവരൊറ്റ ജീവനായിരുന്നു എന്നാണ്. ഇതിന്റെ ഫലമായി ഇന്നേക്ക് 70 വർഷം മുമ്പേ, 600, 700 പേരുൾപ്പെട്ട ജമാഅത്ത് അവർ രൂപീകരിച്ചു; എന്നല്ല, അതിനേക്കാളും മുമ്പേ. അവർ ഓരോരുത്തരുടെയും മുമ്പിൽ ഒരുപാട് കുട്ടികളുണ്ട്. അവരിൽനിന്നാണ് ജനസംഖ്യ വർദ്ധിക്കുന്നത്.

എന്നാൽ നിങ്ങൾ തബ്ലീഗ് രംഗത്ത് പിന്നിലാണ്. അതിനുള്ള ഒരുകാരണം ഭൗതികതയോടുള്ള അധികമായ മമതയാകാം. മുൻകഴിഞ്ഞ മഹാത്മാക്കളിലുണ്ടായിരുന്ന പരസ്പര സ്നേഹം ഇന്നുള്ളവരിൽ കുറഞ്ഞതുമാകാം. അതിനാൽ, അല്ലാഹുവിനുവേണ്ടി സ്വന്തം ഉള്ളിൽ പരിവർത്തനമുണ്ടാക്കിക്കൊണ്ട്, ബലഹീനതകൾ ദൂരീകരിക്കുന്നതിനോടൊപ്പം ഞാൻ പറഞ്ഞതുപോലെ തബ്ലീഗിലും മുന്നേറുക. ജനങ്ങളെ സന്മാർഗ്ഗത്തിലേക്ക് നയിക്കുക. പക്ഷേ, ഇതിനും ഉന്നതമായ ജീവിതമാതൃക കാഴ്ചവയ്ക്കേണ്ടിവരും. നിങ്ങൾക്ക് ഖിലാഫത്തിനോടുബന്ധവും ആത്മാർത്ഥതയും ഉണ്ടെന്നതിൽ ഒരു സംശയവുമില്ല. എന്നിട്ടും, തബ്ലീഗിലേക്ക് ശ്രദ്ധിക്കേണ്ടതുപോലുള്ള ശ്രദ്ധ ഉണ്ടാകുന്നില്ല. ജമാഅത്തും പോഷക സംഘടനകളും ദഅ്വത്തെ ഇലല്ലായുടെ പരിപാടികൾ ആസൂത്രണം ചെയ്യുക. ചുറ്റുപാടും ചെറിയ ചെറിയ ദ്വീപുകളുണ്ട്. എവിടെയൊക്കെ ജനങ്ങളുണ്ടോ അവിടെയൊക്കെ തബ്ലീഗ് സംഘങ്ങളെ അയച്ച് അവരെ അഹ്മദിയ്യത്തിന്റ മടിത്തട്ടിലേക്ക് കൊണ്ടുവരിക. ഈ ദ്വീപിലും തബ്ലീഗ് ചെയ്യുക. ഇവിടെ മുസ്ലിംകൾ അഹ്മദിയ്യത്തിനെ എതിർക്കുന്നത് മുസ്ലിം മതപണ്ഡിതന്മാരുടെ തെറ്റായ പ്രചാരണം കൊണ്ടാണ്. അഹ്മദിയ്യത്തിന്റെ യഥാർത്ഥ അദ്ധ്യാപനമെന്താണെന്നോ നമ്മുടെ വിശ്വാസമെന്താണെന്നോ നമ്മളെന്താണ് അംഗീകരിക്കുന്നതെന്നോ സാധാരണക്കാരായ മുസ്ലിംകൾക്ക് അറിയുകയേയില്ല. മാന്യരായ പല മുസ്ലിംകളും, എതിരാളികൾ കുഴപ്പമുണ്ടാക്കുകയും ജാഥ നടത്തുകയും ചെയ്തിട്ടും- നമ്മുടെ ജൽസ നടക്കുന്ന അവസാന ദിവസം അവർ ചെയ്തതുപോലെ- ഈ മാന്യരായ ആളുകൾ നമ്മുടെ ജൽസയിൽ പങ്കെടുത്തു. ഞാനുമായി അവർ കണ്ടു. ഇസ്ലാമിന്റെ ശരിയായ ചിത്രം കാണിച്ചുകൊടുത്തതിനും അഹ്മദിയ്യത്തിന്റെ യഥാർത്ഥ സന്ദേശം എത്തിച്ചതിനും നന്ദി രേഖപ്പെടുത്തിക്കൊണ്ടാണ് അവർ പോയത്. തബ്ലീഗ് പരമായ ഈ സ്ഥിരബന്ധം ഉണ്ടാകുകയാണെങ്കിൽ, അവർക്ക് അഹ്മദിയ്യത്തിന്റെ യഥാർത്ഥ പാഠം അറിയാൻ കഴിയും. അതിനാൽ, നിങ്ങളൊന്നായിക്കൊണ്ട്

ഈ തബ്ലീഗ് പരിപാടിയിൽ വ്യാപൃതരാവുക. അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ ഫള്ലിന്റെ അനന്തരാവകാശികളാകാനുള്ള ഒരേയൊരു മാർഗ്ഗം ഇതുമാത്രമാണെന്ന കാര്യം ഓർക്കുക. അങ്ങനെ നിങ്ങളുടെ മക്കളേയും സുരക്ഷിതരാക്കിവയ്ക്കാൻ കഴിയും. നിങ്ങളുടെ ചെറുപ്പക്കാരായ ആൺകുട്ടികളേയും പെൺകുട്ടികളേയും ലോകത്തിന്റെ അഴുക്കുകളിൽനിന്നും രക്ഷിച്ചുനിർത്താനാവും. നിങ്ങളുടെ മാതാപിതാക്കളും പൂർവ്വികരും അഹ്മദിയ്യത്ത് ശരിയായ നിലയിൽ മനസ്സിലാക്കിയിരുന്നുവെന്നും, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിച്ചുവെന്നും അതുകാരണത്താൽ അല്ലാഹു അതിരറ്റ അനുഗ്രഹം അവർക്കു നല്കിയെന്നും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക. ലോകം ഇന്ന് എങ്ങോട്ടു പോകുന്നുവെന്ന് നോക്കുന്നതിനു പകരം അല്ലാഹു നിങ്ങളെ എങ്ങോട്ടുവിളിക്കുന്നുവെന്ന് നിങ്ങളും നോക്കുക. ഈ ഭാഗത്തേക്കു വരിക. അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക. തിന്മയെ അറപ്പോടെ ഉപേക്ഷിക്കുക എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അതിനായി കുട്ടികൾക്ക് നിങ്ങൾ മാതൃകയാകേണ്ടിയും വരും. നിങ്ങളുടെ ഉള്ളിൽ നിന്നും ചെറിയ ചെറിയ തിന്മകൾ ഉപേക്ഷിക്കേണ്ടിവരും. നിങ്ങൾ നന്മകൾ സ്വായത്തമാക്കേണ്ടിവരും. സമൂഹത്തിലെ ഒരുപാട് തിന്മകൾ നമ്മുടെ യുവതലമുറയെ ബാധിക്കുന്നുണ്ട്. അല്ലാഹുവിനോടു സഹായം തേടിക്കൊണ്ട് സ്വയം അതിൽനിന്ന് രക്ഷപ്പെടുകയും മക്കളെ രക്ഷിക്കുകയും ചെയ്യുക. ഇതിലാണ് നിങ്ങൾക്ക് നന്മയുള്ളത്. പൂർവ്വികരുടെ കാലടിപാടുകളിലൂടെ സഞ്ചരിച്ചുകൊണ്ട് ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരായിത്തീരാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. യുവാക്കളും വൃദ്ധരും പുരുഷന്മാരും സ്ത്രീകളും നന്മകളിൽ ഉന്നതമായ മാതൃക നിലനാട്ടുന്നവരായിത്തീരട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം മനസ്സിലാക്കുന്നവരായിത്തീരട്ടെ. നിങ്ങളുടെ മക്കൾക്കും, പുതിയതായി ജമാഅത്തിൽ വരുന്നവർക്കും ശിക്ഷണം നല്കുന്നതിനും അഹ്മദിയ്യത്തിന്റെ സന്ദേശം സ്വന്തം കർമ്മംകൊണ്ട് സഹോദരസമുദായങ്ങൾക്ക് എത്തിക്കുന്നതിനും അല്ലാഹു തൗഫീഖ് നല്കട്ടെ. തബ്ലീഗ് രംഗത്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. എല്ലാ രീതിയിലും നിങ്ങൾക്ക് തർബിയ്യത്ത് നല്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള ആത്മാർത്ഥതയും കൂറും എന്നെന്നും നിങ്ങളിൽ നിലനില്ക്കുമാറാകട്ടെ. അതിൽ അല്ലാഹു വർദ്ധനവ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 9.12.2005 at Mouritius

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala